/81010/2023

**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**

**<u>ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- ചടയമംഗലം ഗ്രാമപഞ്ചായത്തിൽ ചടയമംഗലം വില്ലേജിൽ സർവേ നമ്പർ 206/1, 206/2, 206/4 എന്നിവയിൽ ഉൾപ്പെട്ട 70119 ച.മീ. സ്ഥലത്ത് നിലവിൽ ഗ്രൂപ്പ് (B) വിദ്യാഭ്യാസ വിനിയോഗ ഗണത്തിൽപ്പെട്ട 13043.92 ച മീ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പുറമെ 3605.09 ച മീ വിസ്തൃതിയിൽ (GF 1399.25ച മീ FF-1399.25ച മീ SF-806.59ച മീ) വിദ്യാഭ്യാസ / അസ്സംബ്ലി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസിഡന്റ്, മാർത്തോമാ എഡ്യൂക്കേഷണൽ ടെക്നിക്കൽ ട്രെയിനിങ് ആൻഡ് റിസർച്ച് സെന്റർ, മാർത്തോമാ കേന്ദ്രം, മണ്ണന്തല, തിരുവനന്തപുരം - ന് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പ്രസിഡൻറ്, മാർത്തോമ്മാ എഡ്യൂക്കേഷണൽ, ടെക്നിക്കൽ, ട്രെയിനിംഗ് & റിസർച്ച് സെന്റർ സമർപ്പിച്ച 13/12/2022 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPKLM/603/2022/C തീയതി 04-01-2023</u>**

ചടയമംഗലം ഗ്രാമപഞ്ചായത്തിൽ ചടയമംഗലം വില്ലേജിൽ സർവേ നമ്പർ 206/1, 206/2, 206/4 എന്നിവയിൽ ഉൾപ്പെട്ട 70119 ച.മീ. സ്ഥലത്ത് നിലവിൽ ഗ്രൂപ്പ് (B) വിദ്യാഭ്യാസ വിനിയോഗ ഗണത്തിൽപ്പെട്ട 13043.92 ച മീ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് പുറമെ 3605.09 ച മീ വിസ്തൃതിയിൽ (GF 1399.25ച മീ FF-1399.25ച മീ SF-806.59ച മീ) വിദ്യാഭ്യാസ / അസ്സംബ്ലി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസിഡന്റ്, മാർത്തോമാ എഡ്യൂക്കേഷണൽ ടെക്നിക്കൽ ട്രെയിനിങ് ആൻഡ് റിസർച്ച് സെന്റർ, മാർത്തോമാ കേന്ദ്രം, മണ്ണന്തല, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1 താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളു.

2 KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.

പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ

3 തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കണം.

4 പ്ലോട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.

5 നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

6 ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

7 നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും മണ്ണ് കുഴിച്ച് മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

8 KPBR 2019 ചട്ടം 42 പ്രകാരം ഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

9 പ്രസ്തുത നിർമ്മാണം, ഉപയോഗം എന്നിവ പ്ലോട്ടിനോട് ചേർന്നുള്ള ജലസ്രോതസ്സിനെ കൈയ്യേറുന്നില്ലെന്നും മലിനപ്പെടുത്തുന്നില്ലെന്നും ഉറപ്പ വരുത്തേണ്ടതാണ്.

10 പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

11 സൈറ്റ് പ്ലാനിൽ രേഖപ്പെടുത്താത്ത നിർമ്മാണങ്ങൾ ഉള്ള പക്ഷം ആയവ പൊളിച്ച് നീക്കേണ്ടതാണ്.

12 നിർദിഷ്ട നിർമ്മാണം KPBR 2019 - നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/ വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>1/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
TOWN PLANNER
Shary M V
Date: 04-01-2023 14:51:51

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

പ്രസിഡന്റ്, മാർത്തോമാ എഡ്യൂക്കേഷണൽ ടെക്നിക്കൽ ട്രെയിനിങ് ആൻഡ് റിസർച്ച് സെന്റർ,
മാർത്തോമാ കേന്ദ്രം, മണ്ണന്തല, തിരുവനന്തപുരം

പകർപ്പ്: സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്